# സി.ഇ.എം. താലന്തുപരിശോധനാ അറിയിപ്പുകളും നിർദ്ദേശങ്ങളും – 2018

*** താലന്തുപരിശോധനാമത്സരങ്ങൾ സെക്ഷൻ–റീജിയൻ–കേന്ദ്രതലങ്ങളിലായിരിക്കും.** * സെക്ഷൻതല താലന്തുപരിശോധനാ റിസൽട്ട് റീജിയൻ സെക്രട്ടറിയെ ഏല്പിക്കേണ്ട അവസാന തീയതി - **31 ആഗസ്റ്റ് 2018** * റീജിയൻതല താലന്തുപരിശോധനാ റിസൽട്ട് കേന്ദ്ര താലന്തുപരിശോധനാ സെക്രട്ടറിയെ ഏല്പിക്കേണ്ട അവസാന തീയതി - **22 സെപ്റ്റംബർ 2018** * കേന്ദ്ര താലന്തുപരിശോധന **2018 ഒക്ടോബർ 2 ചൊവ്വാഴ്ച രാവിലെ 9.00 മണി മുതൽ തിരുവല്ല ശാരോനിൽവച്ച്** നടത്തുന്നതാണ് (അന്നേ ദിവസം രാവിലെ 9 മണിക്കു മുമ്പായി റീജിയൻ പ്രസിഡന്റ്/സെക്രട്ടറി ചെസ്റ്റ് നമ്പർ കൈപ്പറ്റേണ്ടതാണ്).

## വിവിധ ഗ്രൂപ്പുകളും മത്സരങ്ങളും

| ഗ്രൂപ്പ് | പ്രായപരിധി | മത്സരങ്ങൾ | പ്രസംഗ വിഷയം | വാക്യമത്സരത്തിനും ബൈബിൾ ക്വിസ്സിനും ഉള്ള പുസ്തകങ്ങൾ | ഉപകരണ സംഗീതം (പാട്ടുകൾ) |
|---|---|---|---|---|---|
| കിഡ്സ് (**സെക്ഷൻ തലത്തിൽ മാത്രം**) | 01-01-2013 മുതൽ 31-12-2015 വരെ (3-5 വയസ്സ്) | ആക്ഷൻ സോംഗ്, ഗാനം, വാക്യം പറച്ചിൽ | | ബൈബിളിലെ ഏതു പുസ്തക ത്തിൽനിന്നും | |
| സബ് ജൂനിയേഴ്സ് | 01-01-2009 മുതൽ 31-12-2012 വരെ (6-9 വയസ്സ്) | ഗാനം, വാക്യം പറച്ചിൽ, കളറിംഗ് | | സദൃശവാക്യങ്ങൾ | |
| ജൂനിയേഴ്സ് | 01-01-2005 മുതൽ 31-12-2008 വരെ (10-13 വയസ്സ്) | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ്, പെൻസിൽ ഡ്രോയിംഗ് | സകലനാമത്തിനും മേലായ നാമം ( A name which is above every name) / ക്രിസ്തുയേശുവിലുള്ള ഭാവം (Our attitude in Christ Jesus) | എസ്ഥേർ, ലൂക്കോസിന്റെ സുവിശേഷം | |
| ഇന്റർമീഡിയറ്റ് | 01-01-2001 മുതൽ 31-12-2004 വരെ (14-17 വയസ്സ്) | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ്, ഉപന്യാസം, പെൻസിൽ ഡ്രോയിംഗ്, ഉപകരണസംഗീതം (കീ ബോർഡ്) | പൗരത്വം സ്വർഗ്ഗത്തിൽ (Our citizenship in heaven) / കഷ്ടം അനുഭവിപ്പാനുള്ള വരം (Privilege to suffer for the sake of Jesus) | 1 ശമുവേൽ, 2 കൊരിന്ത്യർ | പാടും ഞാൻ യേശുവിന് ജീവൻ പോവോളം / ക്രൂശിന്മേൽ ക്രൂശിന്മേൽ |
| സീനിയേഴ്സ് | 01-01-1997 മുതൽ 31-12-2000 വരെ (18-21 വയസ്സ്) | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ്, ഉപന്യാസം, കവി താരചന, ഉപകരണസം ഗീതം (കീബോർഡ്) | ജീവിക്കുന്നത് ക്രിസ്തുവും മരിക്കു ന്നത് ലാഭവും (To live is Christ and to die is gain) / മറ്റുള്ള വനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നെണ്ണുക (Consider others better than yourselves ) | ലേവ്യപുസ്തകം, 1, 2 പത്രൊസ് | പാടും ഞാൻ യേശുവിന് ജീവൻ പോവോളം / ക്രൂശിന്മേൽ ക്രൂശിന്മേൽ |
| മേജർ | 01-01-1986 മുതൽ 31-12-1996 വരെ (22-32 വയസ്സ്) | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ്, ഉപന്യാസം, കവി താരചന, ഉപകരണസം ഗീതം (കീബോർഡ്) | ജ്യോതിസ്സുകളെപ്പോലെ പ്രകാശി ക്കുക (Shine as lights in the world)/ ശക്തനാക്കുന്ന ദൈവം (Strengthening of the Lord) | 2 രാജാക്കന്മാർ, 1, 2 തെസ്സലോനിക്യർ | പാടും ഞാൻ യേശുവിന് ജീവൻ പോവോളം / ക്രൂശിന്മേൽ ക്രൂശിന്മേൽ |
| സൂപ്പർ സീനിയേഴ്സ് | 01-01-1973 മുതൽ 31-12-1985 വരെ (33-45 വയസ്സ്) | ഗാനം, വാക്യമെഴുത്ത്, പ്രസംഗം, ബൈബിൾ ക്വിസ്, ഉപന്യാസം | യേശുവിനെക്കുറിച്ചുള്ള പരിജ്ഞാന ത്തിന്റെ ശ്രേഷ്ഠത (The excellency of the knowledge of Jesus Christ) / പരമവിളി യുടെ വിരുത് (The high calling of God in Jesus Christ) | 1 ദിനവൃത്താന്തം, ഗലാത്യർ | |
| സീനിയർ സി.ഇ.എം. (**സെക്ഷൻതലത്തിൽ മാത്രം**) | 45 വയസ്സിനു മുകളിൽ | ഗാനം, പ്രസംഗം, ബൈബിൾ ക്വിസ് | നീതിഫലം നിറഞ്ഞവർ (Persons filled with the fruits of righteousness) / സുവിശേഷ ത്തിന് യോഗ്യമാംവണ്ണം നടക്കുക (Live for the faith of the Gospel) | എസ്രാ, എഫെസ്യർ | |
| **പ്രത്യേക മത്സരം** തമിഴ് / ഇംഗ്ലീഷ് ആരാ ധന നടക്കുന്ന സഭക ളിലെ സി.ഇ.എം. അംഗ ങ്ങൾക്കുവേണ്ടി മാത്രം | 45 വയസ്സു വരെ | ഗാനം (തമിഴ്) ഗാനം (ഇംഗ്ലീഷ്) | | | |
| പൊതു മത്സരങ്ങൾ | 45 വയസ്സു വരെ | ഗ്രൂപ്പ് ബൈബിൾ ക്വിസ്, ഗ്രൂപ്പ് സോംഗ് | | | |
| ബൈബിൾ സ്കൂളിൽ പഠിച്ചവർക്കും പഠിക്കു ന്നവർക്കും മാത്രമായി (**സെക്ഷൻ തലത്തിൽ മാത്രം**) | 45 വയസ്സു വരെ | പ്രസംഗം | സകലതും കീഴ്പ്പെടുത്തുന്ന വ്യാപാ രശക്തി (Bringing all things under the rule of Jesus) / ക്രൂശിന് ശത്രുക്കൾ (Enemies of the Cross of Christ) | | |

## സമയപരിധിയും നിബന്ധനകളും

**ഗാനം(3 മിനിറ്റ്):** പുരുഷശബ്ദത്തിനും സ്ത്രീശബ്ദത്തിനും മത്സരം പ്രത്യേകമായിരിക്കും. മലയാളം അല്ലാതെ മറ്റു ഭാഷകൾ അനുവദനീയമല്ല (തമിഴ്/ഇംഗ്ലീഷ് പ്രത്യേകമത്സരം ഉണ്ടായിരിക്കുന്നതാണ്). നോക്കി പാടുവാൻ പാടില്ല. ക്ലാസിക്കൽ/സെമി ക്ലാസിക്കൽ സംഗീതം അനുവദനീയമല്ല. സമയപരിധി കഴിഞ്ഞാൽ മൈനസ് മാർക്ക് നൽകുന്നതാണ്. മൈക്ക് അനുവദിക്കുന്നതാണ്.

**വാക്യമെഴുത്ത്(20 മിനിറ്റ്):** സീരിയൽ നമ്പർ സമയപരിധിക്കുള്ളിൽത്തന്നെ എഴുതേണ്ടതാണ്. 3 വാക്കിൽ കുറവുള്ള വാക്യങ്ങൾ സ്വീകാര്യമല്ല. ഒരു വാക്യം പല റഫറൻസുകളിലുള്ളത് ഒരുപ്രാവശ്യം മാത്രമേ ഉപയോഗിക്കാവൂ. എല്ലാ വാക്യങ്ങളും റഫറൻസ് സഹിതം എഴുതേണ്ടതാണ്. ഒരു അദ്ധ്യായത്തിൽനിന്നും എത്ര വാക്യം വേണമെങ്കിലും എഴുതാവുന്നതാണ്. എന്നാൽ തുടർച്ചയായി 3 വാക്യത്തിൽ കൂടുതൽ ഒരു അധ്യായത്തിൽനിന്നും എഴുതുവാൻ പാടില്ല. ചെറിയ തെറ്റുകൾപോലും തെറ്റായി പരിഗണിക്കുന്നതാണ്. ഒരു പുസ്തകത്തിൽനിന്നും വാക്യമെഴുതുമ്പോൾ പുസ്തകത്തിന്റെ പേര് തുടക്കത്തിൽ മാത്രം എഴുതിയാൽ

മതി. മലയാളത്തിൽ എഴുതുന്നവർ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിളിൽനിന്നും ഇംഗ്ലീഷിൽ എഴുതുന്നവർ NKJV അല്ലെങ്കിൽ NIV ബൈബിളിൽനിന്നും എഴുതുകയും അതു തുടക്കത്തിൽ സൂചിപ്പിക്കുകയും വേണം. അല്ലാത്തവ പരിഗണിക്കുന്നതല്ല.

**ഉപന്യാസം(15 മിനിറ്റ്):** ഉപന്യാസത്തിനായി പ്രത്യേക വിഷയം നൽകുന്നതായിരിക്കും. ഉപന്യാസം എഴുതുന്ന സമയത്ത് ബൈബിൾ ഉപയോഗിക്കാം. മറ്റു കുറിപ്പുകൾ ഒന്നും പാടില്ല. മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം.

**കവിതാരചന(15 മിനിറ്റ്):** കവിതാരചനയ്ക്കായി പ്രത്യേക വിഷയം നൽകുന്നതായിരിക്കും.മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം.

**പ്രസംഗം(5 മിനിറ്റ്):** ഫിലിപ്പ്യലേഖനത്തെ ആസ്പദമാക്കി മുകളിൽ നൽകിയിരിക്കുന്നതിൽനിന്നും ജഡ്ജസ് നൽകുന്ന ഒരു വിഷയമാണ് പ്രസംഗിക്കേണ്ടത്. പ്രസംഗസമയത്ത് ബൈബിളല്ലാതെ മറ്റൊരു കുറിപ്പുകളും ഉപയോഗിക്കാൻ പാടില്ല. മുഖവുര, വിഷയാവതരണം, ബൈബിളിൽ നിന്നുള്ള ഉദ്ധരണികൾ എന്നിവ പരിഗണിക്കുന്നതാണ്. കുറിവാക്യം ഫിലിപ്പ്യലേഖനത്തിൽനിന്നുതന്നെ എടുക്കേണ്ടതാണ്. മലയാളത്തിലോ ഇംഗ്ലീഷിലോ പ്രസംഗിക്കാം. പ്രസംഗവിഷയം ജഡ്ജസ് നറുക്കിട്ടെടുക്കുന്നതായിരിക്കും.

**പെൻസിൽ ഡ്രോയിംഗ്(20 മിനിറ്റ്):** പെൻസിൽ ഡ്രോയിംഗിന് ബൈബിൾ സംബന്ധമായ വിഷയം നൽകുന്നതായിരിക്കും. പെൻസിൽ അവരവർ തന്നെ കരുതേണ്ടതാണ്.

**കളറിംഗ്(20 മിനിറ്റ്):** കളറിംഗിനായി ക്രയോൺസ് മാത്രം ഉപയോഗിക്കുക. ക്രയോൺസ് അവരവർ തന്നെ കരുതേണ്ടതാണ്.

**ഉപകരണ സംഗീതം(3 മിനിറ്റ്):** മുകളിൽ തന്നിരിക്കുന്ന പാട്ടുകളിൽ ഒന്ന് തിരഞ്ഞെടുത്ത് നൽകുന്നതായിരിക്കും. റിഥം ഉപയോഗിക്കാൻ പാടില്ല. കേന്ദ്രതാലന്തുപരിശോധനാ വേളയിൽ മത്സരത്തിനുള്ള കീബോർഡ് സെറ്റുചെയ്ത് വയ്ക്കുന്നതാണ്. ആയതിനാൽ മത്സരാർത്ഥികൾ കീബോർഡ് കൊണ്ടുവരേണ്ടതില്ല.

**ബൈബിൾ ക്വിസ്(15 മിനിറ്റ്):** ബൈബിൾ ക്വിസ്സിന് മുകളിൽ നൽകിയിരിക്കുന്ന പുസ്തകങ്ങളിൽ നിന്ന് പരമാവധി 20 ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങൾ 3 ഓപ്ഷനുകൾ സഹിതം മലയാളത്തിൽ നൽകുന്നതായിരിക്കും.

**വാക്യം പറച്ചിൽ (20 മിനിറ്റ്):** 3 വാക്കിൽ കുറവുള്ള വാക്യങ്ങൾ സ്വീകാര്യമല്ല. ഒരു വാക്യം പല റഫറൻസുകളിലുള്ളത് ഒരുപ്രാവശ്യം മാത്രമേ ഉപയോഗിക്കാവൂ. എല്ലാ വാക്യങ്ങളും റഫറൻസ് സഹിതം പറയേണ്ടതാണ്. ഒരു അദ്ധ്യായത്തിൽനിന്നും എത്ര വാക്യം വേണമെങ്കിലും പറയാവുന്നതാണ്. എന്നാൽ തുടർച്ചയായി 3 വാക്യത്തിൽ കൂടുതൽ ഒരു അധ്യായത്തിൽനിന്നും പറയുവാൻ പാടില്ല. മലയാളത്തിൽ പറയുന്നവർ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിളിൽനിന്നും ഇംഗ്ലീഷിൽ പറയുന്നവർ NKJV അല്ലെങ്കിൽ NIV ബൈബിളിൽനിന്നും പറയുക. അല്ലാത്തവ പരിഗണിക്കുന്നതല്ല.

**ഗ്രൂപ്പ് സോംഗ് (5 മിനിറ്റ്):** 3-5 വരെ അംഗങ്ങളെ ഉൾപ്പെടുത്തി ലോക്കൽ സഭ അടിസ്ഥാനത്തിലുള്ള ഒരു ഗ്രൂപ്പിന് പങ്കെടുക്കാം. മലയാളം അല്ലാതെ മറ്റു ഭാഷകൾ അനുവദനീയമല്ല. നോക്കി പാടുവാൻ പാടില്ല. ക്ലാസിക്കൽ / സെമി ക്ലാസിക്കൽ സംഗീതം അനുവദനീയമല്ല. സമയപരിധി കഴിഞ്ഞാൽ മൈനസ് മാർക്ക് നൽകുന്നതാണ്. ഡ്രസ് കോഡിന് മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

**ഗ്രൂപ്പ് ബൈബിൾ ക്വിസ് (15 മിനിറ്റ്):** 2-3 വരെ അംഗങ്ങളെ ഉൾപ്പെടുത്തി ലോക്കൽ സഭ അടിസ്ഥാനത്തിലുള്ള ഒരു ഗ്രൂപ്പിന് പങ്കെടുക്കാം. ബൈബിളിലെ 66 പുസ്തകങ്ങളിൽനിന്നുള്ള ചോദ്യങ്ങളും ബൈബിൾ സംബന്ധമായ പൊതുചോദ്യങ്ങളും പരമാവധി 20 എണ്ണം മലയാളത്തിൽ നൽകുന്നതായിരിക്കും.

## പൊതുവായ നിർദ്ദേശങ്ങൾ

1. ബൈബിൾ സ്കൂളിൽ പഠിക്കുന്നവർക്കും പഠിച്ചവർക്കും (പാർട്ടൈം / ഫുൾടൈം) പ്രസംഗം ഒഴികെയുള്ള മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. അവർക്കായി പ്രസംഗമത്സരം പ്രത്യേകമായി സെക്ഷൻതലത്തിൽ മാത്രം നടത്തുന്നതാണ്.
2. കിഡ്സ്, സീനിയർ സി.ഇ.എം. എന്നീ വിഭാഗങ്ങളുടെ താലന്തുപരിശോധന അതാതു സെക്ഷനുകളിൽ മാത്രം നടത്താവുന്നതാണ്. കേന്ദ്രതലത്തിൽ ഉണ്ടായിരിക്കുന്നതല്ല.
3. ഓരോ മത്സരയിനത്തിനും സെക്ഷൻതലം മുതൽ ഒരു ഫസ്റ്റും ഒരു സെക്കന്റും മാത്രമേ ഉണ്ടാകാൻ പാടുള്ളു. കേന്ദ്ര താലന്തുപരിശോധനയിൽ മൂന്നാം സ്ഥാനം കൂടി നൽകുന്നതാണ്. കേന്ദ്ര താലന്തുപരിശോധനാ വേളയിൽ ഏതെങ്കിലും മത്സരയിനത്തിൽ ഒരു വ്യക്തി മാത്രമേ മത്സരിക്കാനുള്ളു എങ്കിൽ അത് ഫസ്റ്റായി പരിഗണിക്കാതെ പ്രോത്സാഹന സമ്മാനം മാത്രമേ നൽകുകയുള്ളു.
4. ഒരു ലോക്കൽ സഭയിൽനിന്നും ഒരു പ്രോഗ്രാമിന് മൂന്നിലധികം പേർ സെക്ഷൻതലത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. കൂടുതൽ പേർ ഉണ്ടെങ്കിൽ അവിടെത്തന്നെ താലന്തുപരിശോധന നടത്തി വിജയികളാകുന്നവരെ സെക്ഷൻതലത്തിലേക്ക് അയയ്ക്കേണ്ടതാണ്. സെക്ഷൻ കമ്മറ്റിക്ക് അതത് ലോക്കൽ സഭകളെ അറിയിച്ചുകൊണ്ട് ഇതിൽ മാറ്റം വരുത്തുകയോ പുതിയ മത്സരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്യാം (സെക്ഷൻതലത്തിൽ മാത്രം).
5. താലന്തുപരിശോധനയിൽ പങ്കെടുക്കുന്നവർക്ക് മെമ്പർഷിപ്പും (10-45 വയസ്സുവരെ) ആ സഭയ്ക്ക് രജിസ്ട്രേഷനും നിർബന്ധമാണ്. മെമ്പർഷിപ്പ് നമ്പരും ലോക്കൽ സഭയുടെ സ്ഥലപ്പേരും സെക്ഷനും എഴുതാത്ത റീജിയൻ ലിസ്റ്റ് സ്വീകരിക്കുന്നതല്ല.
6. സെക്ഷൻ തലം മുതൽ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരും റിസൽട്ട് ഷീറ്റ് കൈകാര്യം ചെയ്യുന്നവരും ഒരു മത്സരത്തിലും പങ്കെടുക്കുവാൻ പാടുള്ളതല്ല.
7. സെക്ഷൻ, റീജിയൻ വിജയികളുടെ ലിസ്റ്റ് അതിനായി തയ്യാറാക്കിയിരിക്കുന്ന പ്രത്യേക ഫോമിൽത്തന്നെ നൽകേണ്ടതാണ് (വെബ്സൈറ്റിൽ ഫോമുകൾ ലഭ്യമാണ്- www.cemtiruvalla.org). റിസൽട്ട് വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതുകയോ പ്രിന്റ് ചെയ്യുകയോ ആവാം.
8. വിധികർത്താക്കളുടെയും താലന്തുപരിശോധനാ കമ്മറ്റിയുടെയും തീരുമാനം അന്തിമമായിരിക്കും.
9. കേന്ദ്ര താലന്തുപരിശോധനാ ദിവസം ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.
10. കേന്ദ്രതാലന്തു പരിശോധനയുടെ സമ്മാനദാനം 2018 ഡിസംബറിലെ ജനറൽ കൺവൻഷനോടനുബന്ധിച്ചുള്ള സി.ഇ.എം.-സണ്ടേസ്കൂൾ വാർഷിക മീറ്റിംഗിൽ നൽകുന്നതായിരിക്കും.

റീജിയൻ തല വിജയികളുടെ ലിസ്റ്റ് നൽകുന്നതിനും താലന്തുപരിശോധനാ സംബന്ധമായ സംശയങ്ങൾ തീർക്കുന്നതിനും താഴെ കാണുന്ന വിവരങ്ങൾ ഉപയോഗിക്കുക.

**താലന്തുപരിശോധനാ സെക്രട്ടറി** | **സി.ഇ.എം., പി.ബി. നമ്പർ 22** | **roshyadoor@gmail.com**
**ബ്രദർ. റോഷി തോമസ് – 9847665044** | **ശാരോൻ, തിരുവല്ല** | **cemtiruvalla@gmail.com**